**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1628** **19-01-2021 - ൽ മറുപടിയ്ക്ക്**

**പ്രധാൻമന്ത്രി ആവാസ് യോജന.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | പ്രധാൻമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.) പദ്ധതി പ്രകാരം പാവപ്പെട്ട ആളുകൾക്ക് വീട് വച്ചു നൽകുന്നതിനായി സംസ്ഥാനത്തുടനീളം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ ഇപ്രകാരമുള്ള ലിസ്റ്റ് എന്ന് തയ്യാറാക്കിയെന്നും ഇതിൽ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; ഇതിന്റെ തുടർനടപടികൾ എപ്രകാരമെന്ന് അറിയിക്കാമോ; | (ബി) | പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതിക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി.) ലിസ്റ്റിൽ നിന്നുമാണ്. നിലവിൽ ഈ ലിസ്റ്റിൽ നിന്നാണ് വീട് അനുവദിച്ച് വരുന്നത്. മലപ്പുറം ജില്ലയിൽ 2512 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്. എസ്.ഇ.സി.സി. ലിസ്റ്റിൽ മതിയായ അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം 2019 മാർച്ച് 7 വരെ പുതിയ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വെ നടത്തിയതിൽ മലപ്പുറം ജില്ലയിൽ 40633 ഗുണഭോക്താക്കളെ ആവാസ് പ്ലസ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റ് പൂർണ്ണമായും തീർന്നതിനുശേഷമേ ആവാസ് പ്ലസ്സിൽ രജിസ്റ്റർ ചെയ്തവർക്ക് വീടിന് അനുമതി കേന്ദ്ര സർക്കാർ നൽകുകയുള്ളൂ. മലപ്പുറം ജില്ലയിൽ പി.എം.എ.വൈ. (നഗരം)- ലൈഫ് പദ്ധതിയിൽ അനുമതി ലഭിച്ച 11,848 ഭവനങ്ങളിൽ, 10,815 ഭവനങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും, 8,206 ഭവനങ്ങൾ വാസയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ ഏവ; ഇത്തരത്തിൽ തയ്യാറാക്കിയ ലിസ്റ്റുകളിൽ നിന്ന് എത്ര പേർക്ക് ഇതുവരെ ഭവനപദ്ധതിക്ക് സഹായം നൽകിയിട്ടുണ്ട്; | (സി) | പ്രധാൻമന്ത്രി ആവാസ് യോജനയ്ക്കുള്ള (ഗ്രാമീൺ)-2011 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നുമുള്ള അർഹരായ ഗുണഭോക്താക്കളെയാണ്. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ ഗുണഭോക്താക്കളെ |

| | | | |
|---|---|---|---|
| | ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ അറിയിക്കാമോ? | | അർഹത മാനദണ്ഡ പട്ടിക ചുവടെ ചേർക്കുന്നു. 1. താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽ- പ്പെടുന്നവർ ഒഴിവാക്കൽ പ്രക്രിയയിൽ ഉൾക്കൊള്ളുന്നു. a) യന്ത്രവൽകൃത രണ്ടുചക്ര/ മൂന്നുചക്ര/ നാലു ചക്ര വാഹനമോ യന്ത്രവൽകൃത മീൻപിടുത്ത യാനങ്ങളോ ഉള്ളവർ b) യന്ത്രവൽകൃത മൂന്നു ചക്ര/ നാലുചക്ര/ കാർഷിക ഉപകരണങ്ങൾ ഉള്ളവർ c) 50,000/- രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രഡിറ്റ് കാർഡ് ഉള്ളവർ d) സർക്കാർ ജീവനക്കാർ ഉള്ള കുടുംബം e) കാർഷികേതര സംരംഭങ്ങൾ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ f) പ്രതിമാസം 10,000/- രൂപയിൽ കൂടുതൽ വരുമാനമുള്ള ഏതെങ്കിലും അംഗങ്ങൾ ഉള്ള കുടുംബങ്ങൾ g) വരുമാന നികുതി നൽകുന്നവർ ഉള്ള കുടുംബം h) തൊഴിൽ നികുതി നൽകുന്നവർ ഉള്ള കുടുംബം i) റെഫ്രിജറേറ്റർ ഉള്ള കുടുംബം j) ലാന്റ് ലെയിൻ ഫോൺ ഉള്ള കുടുംബം k) സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യം ഉള്ള ഭൂമിയുള്ള കുടുംബം l) രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം m) ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജല സേചന സൗകര്യമുള്ളതോ ആയ കുടുംബം 2. താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽ- പ്പെടുന്നവർ സ്വയമേയുള്ള ഉൾക്കൊള്ളിക്കൽ പ്രക്രിയയിൽ ഉൾപ്പെടുന്നു. a) ഭവന രഹിതർ b) അഗതികൾ / യാചകർ c) തോട്ടിപ്പണി ചെയ്യുന്നവർ d) ആദിമ ഗോത്രവർഗ്ഗങ്ങൾ e) വിമോചിതരായ അടിപ്പണിക്കാർ ആവാസ് പ്ലസ്സിൽ ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്യുന്നതിനും മേൽപ്പറഞ്ഞ ഒഴിവാക്കൽ, ഉൾപ്പെടുത്തൽ മാനദണ്ഡങ്ങൾ തന്നെയാണ് അവലംബമാക്കുന്നത്. പി.എം.എ.വൈ.(ഗ്രാമീൺ) പദ്ധതി പ്രകാരം സഹായം നൽകിയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. പി.എം.എ.വൈ.(നഗരം)- ലൈഫ് പദ്ധതിയിൽ ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. നഗരപ്രദേശത്ത് കുറഞ്ഞത് 3 വർഷക്കാലമായി താമസിക്കുന്നവർ വാർഷിക കുടുംബവരുമാനം 3 ലക്ഷത്തിനു താഴെയുള്ളവർ നഗര പ്രദേശത്ത് സ്വന്തമായി സ്ഥലം ഉള്ളവർ ഭാരതത്തിൽ ഒരിടത്തും സ്വന്തമായി വാസയോഗ്യമായ ഭവനമില്ലാത്തവർ ഇത്തരത്തിൽ തയ്യാറാക്കിയ ലിസ്റ്റുകളിൽ നിന്ന് ഭവന പദ്ധതി |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകിയതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു. |

സെക്ഷൻ ഓഫീസർ